നിങ്ങളിൽ ആരും മൂന്ന് കല്ലുകളിൽ കുറഞ്ഞത് കൊണ്ട് വിസർജനാനന്തരം ശുദ്ധീകരിക്കരുത്

സൽമാനുൽ ഫാരിസി -رَضِيَ اللَّهُ عَنْهُ- നിവേദനം: മുശ്രിക്കുകൾ ഞങ്ങളോട് പറഞ്ഞു: "നിങ്ങളുടെ കൂട്ടുകാരൻ നിങ്ങൾക്ക് (എല്ലാം) പഠിപ്പിച്ചു തരുന്നു ; മലമൂത്ര വിസർജന മര്യാദകൾ വരെ അദ്ദേഹം നിങ്ങൾക്ക് പഠിപ്പിക്കുന്നുവല്ലോ ?" അപ്പോൾ (സൽമാനുൽ ഫാരിസി) പറഞ്ഞു: "അതെ, തീർച്ചയായും! ഒരാൾ തന്റെ വലത് കൈകൊണ്ട് മലമൂത്ര വിസർജനാനന്തരം ശുദ്ധീകരിക്കുന്നതും, (മലമൂത്ര വിസർജന വേളയിൽ) ഖിബ്ലയെ അഭിമുഖീകരിക്കുന്നതും, (ശുദ്ധീകരണത്തിനായി) ചാണകം, എല്ലുകൾ എന്നിവ ഉപയോഗിക്കുന്നതും അവിടുന്ന് ഞങ്ങളോട് വിലക്കിയിട്ടുണ്ട് ." അവിടുന്ന് പറഞ്ഞു: "നിങ്ങളിൽ ആരും മൂന്ന് കല്ലുകളിൽ കുറഞ്ഞത് കൊണ്ട് വിസർജനാനന്തരം ശുദ്ധീകരിക്കരുത്."

[صحيح] [رواه مسلم]

സൽമാനുൽ ഫാരിസി -رَضِـيَ اللَّـهُ عَنْـهُ- പറഞ്ഞു: മുശ്രിക്കുകൾ പരിഹാസ രൂപത്തിൽ ഞങ്ങളോട് പറഞ്ഞു: "നിങ്ങളുടെ നബി നിങ്ങൾക്ക് എല്ലാം പഠിപ്പിക്കുന്നുണ്ടല്ലോ , മലമൂത്രവിസർജനം എങ്ങനെ ചെയ്യണം എന്ന് പോലും പഠിപ്പിക്കുന്നുണ്ടല്ലോ !" അപ്പോൾ സൽമാൻ -رَضِـيَ اللّٰـهُ عَنْـهُ- പറഞ്ഞു: "അതെ, നബി -□- വിസർജന മര്യാദകൾ വരെ ഞങ്ങളെ പഠിപ്പിച്ചിട്ടുണ്ട്. അതിൽ പെട്ടതാണ്; വിസർജന ശേഷം വലത് കൈകൊണ്ട് ശുദ്ധീകരിക്കുന്നത് അവിടുന്ന് വിലക്കി എന്നത് ; വലത് കരത്തെ നജസിൽ നിന്ന് സംരക്ഷിക്കാനും വലതിനെ ആദരിക്കാനും വേണ്ടിയാണത് . അതുപോലെ, മലമൂത്ര വിസർജന വേളയിൽ കഅ്ബയെ അഭിമുഖീകരിക്കരുതെന്നും, മൃഗങ്ങളുടെ ചാണകം കൊണ്ടോ എല്ലുകൾ കൊണ്ടോ വിസർജന ശേഷം ശുദ്ധീകരിക്കരുതെന്നും , മൂന്ന് കല്ലുകളിൽ കുറഞ്ഞതു കൊണ്ട് വിസർജനാനന്തരം ശുദ്ധീകരിക്കരുതെന്നും അവിടുന്ന് ഞങ്ങളെ പഠിപ്പിച്ചിട്ടുണ്ട് ."

http://www.sunnah.global/hadeeth/ml/show/10048